(ഇ) എങ്കിൽ ഈ പ്രതിസന്ധി തരണം ചെയ്യുവാൻ എന്ത് നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) കയർഫെഡിന്റെ വികസനത്തിനായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പാക്കാനുദ്ദേശിക്കുന്നു.

(1) പുതിയ വിൽപ്പനശാലകൾ സ്ഥാപിക്കുക.

(2) റിസർച്ച്&ഡെവലപ്മെന്റ് സെന്റർ ആരംഭിക്കുക.

(3) റബ്ബറൈസ്ഡ് കയർമെത്തകൾ, കുഷ്യനുകൾ എന്നിവ നിർമ്മിക്കുന്ന ഒരു ഫാക്ടറി സ്ഥാപിക്കുക.

(4) ചകിരിയും പോളീകയറും ഉപയോഗിച്ചുള്ള കയർ വിനിയർ ബോർഡുകൾ നിർമ്മിക്കുന്നതിനുള്ള ഫാക്ടറി സ്ഥാപിക്കുക.

(5) കയറും കയറുൽപ്പന്നങ്ങളും സംഭരിക്കുന്നതിനായി 6000 ച.മീറ്റർ വിസ്തീർണ്ണമുള്ള ഗോഡൗൺ ചേർത്തല കയർപാർക്കിൽ നിർമ്മിക്കുക.

(6) എൻ.സി.ഡി.സി.യുടെ സാമ്പത്തിക സഹായത്തോടെ ഒരു കോടി രൂപ മുതൽമുടക്കി കയർ ഫെഡിന്റെ ഓഫീസുകൾ കമ്പ്യൂട്ടർവൽക്കരിക്കുക.

(ബി) 1998-99 കാലയളവിൽ കയർഫെഡ് 21.7 കോടി രൂപയുടെ കയറും കയറുൽപ്പന്നങ്ങളും വിൽപ്പന നടത്തിയിട്ടുണ്ട്.

(സി) ഈ വർഷം ഇതുവരെ (30-11-99) കയർഫെഡ് 16 കോടി രൂപയുടെ കയറും കയറുൽപ്പന്നങ്ങളും വിൽപ്പന നടത്തിയിട്ടുണ്ട്.

(ഡി) ഉണ്ട്

(ഇ) ഈ സഹകരണമേഖലയിൽ ഉൽപ്പാദിപ്പിക്കുന്ന കയർ, അപ്പക്സ് സംഘമായ കയർഫെഡ് വാങ്ങുന്നുണ്ട്. എന്നാൽ കയർ വിറ്റഴിക്കാതെ കെട്ടിക്കിടക്കുന്ന സ്ഥിതിവിശേഷം കയർഫെഡിന് ഉണ്ട്. കയർ, കയറുൽപ്പന്നങ്ങൾ എന്നിവയുടെ വിൽപ്പന ത്വരിതപ്പെടുത്തുന്നതിനും പ്രതിവർഷം 90 ദിവസം 20% നിരക്കിൽ റിബേറ്റ് അനുവദിക്കുന്നു. കൂടാതെ കയർഫെഡ് സ്പെഷ്യൽ റിബേറ്റ് നൽകിയും കയർ വിറ്റഴിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

27 (583) ചെറുകിട ഗ്രാമീണ വ്യവസായങ്ങളുടെ പുരോഗതി

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ.സി. വേണുഗോപാൽ :
ശ്രീമതി റോസമ്മ ചാക്കോ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീമതി രാധാ രാഘവൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദാരിദ്ര്യനിർമ്മാർജ്ജനത്തിന് ആക്കം കൂട്ടുന്നതിൽ ചെറുകിട ഗ്രാമീണ വ്യവസായങ്ങൾ മെച്ചപ്പെടുത്തേണ്ടതുണ്ടെന്ന് ഗവൺമെന്റ് കരുതുന്നുണ്ടോ;

(ബി) എങ്കിൽ അതിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) ഈ നടപടികളുടെ ഫലമായി ചെറുകിട വ്യവസായരംഗത്ത് എന്തെല്ലാം മാറ്റം വരുത്താൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ)&(ബി)ഉണ്ട്. അഭ്യസ്തവിദ്യരായ തൊഴിൽരഹിതർക്ക് സ്വയംതൊഴിൽ കണ്ടെത്തുവാൻവേണ്ടി പ്രധാനമന്ത്രിയുടെ പ്രത്യേക തൊഴിൽദാന പദ്ധതിപ്രകാരം വായ്പയും പട്ടികജാതിക്കാർക്കുള്ള പ്രത്യേക ഘടക പദ്ധതി പ്രകാരം സാമ്പത്തികസഹായവും അനുവദിക്കുന്നു. കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻവേണ്ടി കൂടുതൽ ചെറുകിട വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി പുതിയ വ്യവസായ നയത്തിന്റെ ഭാഗമായി വിവിധതരത്തിലുള്ള ആനുകൂല്യങ്ങളും ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഖാദി ഗ്രാമ വ്യവസായബോർഡ് വഴി ഗ്രാമവ്യവസായ യൂണിറ്റുകൾക്ക് കൺസോർഷ്യം സ്കീം പ്രകാരം നേരിട്ടും മാർജിൻമണി സ്കീം പ്രകാരം ബാങ്ക് വായ്പയും ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ സംസ്ഥാന സർക്കാർ പദ്ധതിപ്രകാരം ഖാദി ബോർഡ് നേരിട്ട് ചെറുകിട യൂണിറ്റുകൾ ആരംഭിച്ചു വരുന്നു.

(സി) കൂടുതൽ ചെറുകിട വ്യവസായ യൂണിറ്റുകൾ സ്ഥാപിതമാക്കുകയും അതിലൂടെ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും അതിന്റെ ഫലമായി ദാരിദ്ര്യ നിർമ്മാർജ്ജനത്തിന് ഒരു പരിധിവരെ ആക്കം കൂട്ടാനും കഴിഞ്ഞിട്ടുണ്ട്.

28 (584) വ്യവസായ പാർക്കുകൾ

ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. കെ.എം. മാണി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചെറുകിട വ്യവസായ മേഖലയിലെ പീഡിത യൂണിറ്റുകൾ കണ്ടെത്തി പുനരുദ്ധരിക്കുന്നതിനുള്ള ഏതെങ്കിലും പ്രവർത്തനങ്ങൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(സി) ചെറുകിട വ്യവസായികൾക്ക് എല്ലാ ജില്ലകളിലും ഭൂമി ലഭ്യമാക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ ഇതിന്റെ മാനദണ്ഡം വ്യക്തമാക്കുമോ;

(ഇ) എല്ലാ അസംബ്ലി നിയോജകമണ്ഡലങ്ങളിലും സിഡ്കോയുടെ വ്യവസായ പാർക്കുകൾ എന്നുമുതൽ പ്രവർത്തനക്ഷമമാക്കുവാൻ കഴിയുമെന്ന് അറിയുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സിക്ക് യൂണിറ്റുകളുടെ പുനരുദ്ധാരണസാദ്ധ്യതകൾ കണ്ടെത്തുന്നതിനും പുനരുദ്ധാരണത്തിനുംവേണ്ടി പുതിയൊരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ പ്രോഗ്രാം ഓഫീസർമാരെ 'കിറ്റ്കോ' മുഖാന്തിരം നിയമിക്കുകയും ധനകാര്യ സ്ഥാപനങ്ങളും യൂണിറ്റുകളുമായി ബന്ധപ്പെട്ട് പുനരുദ്ധാരണ പ്രവർത്തനങ്ങൾ കൂടുതൽ പ്രയോജനകരമായ വിധത്തിൽ പ്രാവർത്തികമാക്കുകയും ചെയ്യുന്നുണ്ട്. ഈ പ്രോഗ്രാം

LIBRARY ARCHIVES Kerala Legislative Assembly